DESPATCHED
On 2/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം

## തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

**E-mail: sic.ker@nic.in**


**ഹർജി നമ്പർ AP. 472*(2)/2022*/എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 7565/എസ്.ഐ.സി-ജി6/2022)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. രാജി ജി നായർ,
പ്രാർത്ഥന,
മരുതോർവട്ടം (പി.ഒ), ചേർത്തല – 688 539. } ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജനറൽ മാനേജർ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, പുനലൂർ.
2. അപ്പീൽ അധികാരി & മാനേജിംഗ് ഡയറക്ടർ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, പുനലൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18/03/2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23/03/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 06/04/2022 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 29/04/2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18/05/2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 20/05/2022 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 29/12/2022<br>കോൺഫറൻസ് ഹാൾ,<br>കൊല്ലം കളക്ടറേറ്റ്. |
| ഹിയറിംഗിലെസാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. രാജി ജി നായർ 18/05/2022 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 20/05/2022 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 472(2)/2022/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളിന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരി 18/03/2022 തീയതി സമർപ്പിച്ച അപേക്ഷയ്ക്ക് 23/03/2022-ൽ നൽകിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത് ടിയാളുടെ ചോദ്യങ്ങളിൽ സംസ്ഥാന ഫാമിംഗ് കോർപ്പറേഷനിൽ ബാധകമായ ചോദ്യത്തിനുള്ള ഉത്തരങ്ങൾ നൽകുന്നതിനാവശ്യമായ 10/- രൂപ ഫീസ് അടയ്ക്കാത്തതിനാൽ മറുപടി നൽകുവാൻ സാധ്യമല്ലെന്നും, ടിയാളുടെ അപേക്ഷയിന്മേൽ പതിപ്പിച്ചിരിക്കുന്ന 10/- രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് മറുപടി നൽകുന്നതിനുള്ള ഫീസായി ഫാമിംഗ് കോർപ്പറേഷൻ അംഗീകരിക്കുന്നതല്ലെന്നും, 10/- രൂപ നേരിട്ടോ അല്ലെങ്കിൽ പോസ്റ്റൽ ഓർഡർ/ ഡിഡി/ചെക്ക് ഇവയിലേതെങ്കിലും ഒന്ന് കോർപ്പറേഷനിൽ അടയ്ക്കുന്ന മുറയ്ക്ക് വിവരം ലഭ്യമാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.

4. 06/04/2022 തീയതി ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 29/04/2022-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 10/06/2022 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരി നൽകിയ വിവരാവകാശ അപേക്ഷ കോർപ്പറേഷനിലെ എസ്.പി.ഐ.ഒ-യ്ക്ക് തുടർ നടപടികൾക്കായി നൽകിയിട്ടുണ്ടെന്നും, കോർപ്പറേഷന് ബാധകമായിട്ടുള്ള രീതിയിലല്ല ടിയാൾ ഫീസടച്ചതെന്നും, ഇക്കാരണം വ്യക്തമാക്കി 23/03/2022-ൽ ഒന്നാം എതിർകക്ഷി ടിയാൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നുമാണ്. 25/03/2022-ൽ ടിയാൾ കോർപ്പറേഷനിലേയ്ക്ക് അയച്ച ഇ-മെയിൽ സ്വീകരിക്കുകയും, ഫീസടയ്ക്കേണ്ട വിധം പരാമർശിച്ചുകൊണ്ട് 06/04/2022-ൽ കത്ത് ഇ-മെയിലായും, തപാൽ മുഖേനയും പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടിയായി അയച്ചിട്ടുണ്ടെന്നുമാണ്.

ഹർജിക്കാരി നൽകിയ ഒന്നാമത്തെ ചോദ്യത്തിന് മറുപടി വിവരാവകാശ നിയമപ്രകാരം നൽകാൻ കഴിയാത്തതാണെന്നും കാരണം "since the reply letter containing personal information of the candidates and interview members it cannot be supplied as it is exempted from disclosure under section 8 of RTI Act" ആയതിനാലാണ്. എന്നാൽ മറുപടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു എന്ന് പിശകായി രേഖപ്പെടുത്തി ("Copy of attested copies of reports filed by SFCK with the Government in WP(C) 28637/2012 and 27313/2014". എന്നാണ് നൽകിയിരുന്നത്.) ആയതിനാൽ തന്നെ ഒന്നാം ചോദ്യത്തിനുള്ള മറുപടിയുടെ അനുബന്ധരേഖ enclosure-നോടൊപ്പം ഉള്ളടക്കം ചെയ്തിരുന്നില്ലെന്നും, ആയതിൽ നിന്ന് ഇത് നോട്ട പിശകാണെന്ന് മനസ്സിലാക്കാവുന്നതാണെന്നും, ടിയാൾക്ക് കോർപ്പറേഷന്റെ ഭാഗത്തു നിന്നും വിവരാവകാശ നിഷേധിക്കലോ, സ്ഥാപിത താൽപ്പര്യം സംരക്ഷിക്കലോ ഒന്നും തന്നെ ഉണ്ടായിട്ടില്ല എന്നുമാണ്. ബന്ധപ്പെട്ട ഉത്തരങ്ങൾക്ക് അനുബന്ധ രേഖകളെല്ലാം തന്നെ ഉൾക്കൊള്ളിച്ചാണ് മറുപടി നൽകിയതെന്നും, എങ്ങനെയാണ് അനുബന്ധ രേഖകൾ നഷ്ടപ്പെട്ടത് എന്ന് കണ്ടെത്തേണ്ടിയിരിക്കുന്നുവെന്നുമാണ്.

ടിയാൾ സംസ്ഥാന വിവരാവകാശ കമ്മീഷന് അപ്പീൽ സമർപ്പിച്ചപ്പോഴാണ് ബന്ധപ്പെട്ട രേഖകൾ നഷ്ടപ്പെട്ട വിവരം മനസ്സിലാകുന്നതെന്നും ബന്ധപ്പെട്ട പകർപ്പ് ഉള്ളടക്കം ചെയ്താണ് സെക്ഷനിൽ നിന്നും മറുപടി നൽകിയതെന്നും, ടിയാൾക്ക് ബന്ധപ്പെട്ട രേഖകൾ ലഭിച്ചിട്ടില്ലെന്ന വിവരം അറിഞ്ഞ സാഹചര്യത്തിൽ അനുബന്ധ രേഖകൾ ഉള്ളടക്കം ചെയ്തു ഹർജിക്കാരിയ്ക്കു നൽകിയിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും രണ്ടാം എതിർകക്ഷി 10/06/202-ൽ സമർപ്പിച്ച റിപ്പോർട്ടിലെ ഖണ്ഡിക 5-ൽ കൃത്യമായ സെക്ഷൻ ഉദ്ധരിക്കാതെയാണ് സമർപ്പിച്ചിരിക്കുന്നതെന്നും, കൂടാതെ വിവരാവകാശ നിയമം സെക്ഷൻ 7(8)(ii)(iii) പ്രകാരമല്ല ഹർജിക്കാരിയ്ക്കു മറുപടി നൽകിയതെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. ആയതിനാൽ ഒന്നും, രണ്ടും എതിർകക്ഷികളെ കമ്മീഷൻ താക്കീതു ചെയ്യുന്നു. കൂടാതെ റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരിയ്ക്കു അയച്ചു നൽകണമെന്നു എതിർകക്ഷിയ്ക്കു ഹിയറിംഗിൽ കമ്മീഷൻ നിർദ്ദേശം നൽകിയതു പ്രകാരം 19/01/2023-ൽ ഒന്നാം എതിർകക്ഷി കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, ടി ഹർജിയിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ഫെബ്രുവരി 20-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV